## ഈശാവാസ്യോപനിഷത്ത്




ഓം പൂർണ്ണമദ: പൂർണമിദം
പൂർണ്ണാത് പൂർണമുദച്യതേ
പൂർണസ്യ പൂർണമാദായ
പൂർണമേവാവ ശിഷ്യതേ,
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

## ദൈവദശകം
## ശ്രീനാരായണഗുരുദേവൻ



ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ;
നാവികൻ നീ ഭവാബ്ധിക്കൊ–
രാവിവൻ തോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ–
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു–
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റു–
മാഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ–
വായതും സൃഷ്ടിജാലവും.
നീയല്ലോ ദൈവമേ, സൃഷ്ടി–
ക്കുള്ള സാമഗ്രിയായതും.

നീയല്ലോ മായയും മായാ–
വിയും മായാവിനോദനും
നീയല്ലോ മായയേ നീക്കി
സ്സായൂജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ–
ല്ലോതും മൊഴിയുമോർക്കിൽ നീ,

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻപദം
പുകഴ്ത്തുന്നൂ ഞങ്ങളങ്ങു
ഭഗവാനേ, ജയിക്കുക.

ജയിക്കുക മഹാദേവ,
ദീനാവന പരായണ,
ജയിക്കുക ചിദാനന്ദ
ദയാസിന്ധോ, ജയിക്കുക.

ആഴമേറും നിൻ മഹസ്സാ–
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.

## സ്വാമി വിവേകാനന്ദ വചനങ്ങൾ



- എഴുന്നേൽക്കൂ, ധീരനാകൂ, ശക്തനാവൂ; എല്ലാ ഉത്തരവാദിത്വങ്ങളും സ്വന്തം ചുമലിലേല്ക്കുക. നിങ്ങൾ തന്നെയാണു നിങ്ങളുടെ വിധിവിധാതാവെന്നറിയുക നിങ്ങൾക്കു വേണ്ട സമസ്തശക്തിയും, സമസ്തസഹായവും നിങ്ങളിൽ തന്നെ ഉണ്ട് അതുകൊണ്ട് സ്വന്തം ഭാവിയെ സ്വയം സജ്ജമാക്കുക.
- ഒരിക്കലും ദുർബ്ബലനാകരുത്, നിങ്ങളുടെ ഉള്ളിൽ അനന്തമായ ഒരു ശക്തിയുണ്ട്. വാക്കിലും മനസ്സിലും ചുണ വേണം
- ആദ്യം ശരീരത്തിന്റെ ആരോഗ്യം വളർത്തുക. എന്നാൽ മാത്രമെ മനസ്സിന് നിയന്ത്രണം കൈവരൂ.
- പരിശുദ്ധി, ക്ഷമ, സ്ഥിരോത്സാഹം, സ്നേഹം ഇവയത്രേ വിജയത്തിനാവശ്യം.
- അന്ധവിശ്വാസമാണ് മനുഷ്യന്റെ ഏറ്റവും വലിയ ശത്രു.
- നയിക്കുമ്പോൾ സേവകനാകുക, നിസ്വാർത്ഥനാകുക, ക്ഷമവാനാകുക, വിജയം നിങ്ങളുടെതായിരിക്കും.
- അന്യരെ വെറുത്തുകൊണ്ട് ഒരു രാഷ്ട്രത്തിനും, വ്യക്തിക്കും നിലനില്ക്കുക സാധ്യമല്ല.
- അന്യരിലുള്ള ദുഷ്ടതയെ നാം അവഗണിക്കണം. ദുഷ്ടതയെന്നാൽ അജ്ഞതയും അശക്തിയും മാത്രമാണ്.
- വലിയ ത്യാഗങ്ങളിലൂടെയേ വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയൂ.
- ഒരിക്കലും കൊടുത്തതിന് പകരം ചോദിക്കരുത്. ഉള്ളതങ്ങു കൊടുത്തേക്കുക. അതിലേറെ തിരിച്ചു കിട്ടും.
- ദാനത്തേക്കാൾ വലിയ ധർമ്മമില്ല.
- അനുസരണം പരിശീലിക്കുക പക്ഷെ ആത്മവിശ്വാസം നഷ്ടപ്പെടുത്തരുത്.
- അവനവനിൽ വിശ്വസിക്കുന്നവർക്കു മാത്രമേ ശക്തിയും, മഹത്വവും ലഭിക്കൂ. വെറും ആഗ്രഹം കൊണ്ടു മാത്രം നമുക്കു വലുതാവാൻ കഴിയില്ല. ഈശ്വരൻ ഒരാളെ ഉയർത്തുമ്പോൾ അയാൾ ഉയരുന്നു. താഴ്ത്തുമ്പോൾ താഴുന്നു.
- നല്ല മനുഷ്യനാവാനുള്ള സമരത്തിൽ നിങ്ങൾ മരിച്ചാൽ മരിച്ചോട്ടെ. ഒരായിരം തവണ ആ മരണത്തെ സ്വാഗതം ചെയ്യുക!
- വിശ്വാസത്തിന് ഉറപ്പും ഉദ്ദേശത്തിന് ശുദ്ധിയും ഉണ്ടെങ്കിൽ വിജയം ലഭിക്കുക തന്നെ ചെയ്യും.
- മാനവസേവ ഈശ്വരസേവയാണ്.